ത്തിന്റെ കാര്യം. അടുത്ത ആഴ്ച ഉദ്യോഗസ്ഥൻമാരെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. അല്ലെങ്കിൽ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി എടുക്കുന്നതാണ്. ഇതിനുപുറമെ വിജിലൻസ് സ്കാഡും ഉണ്ട്. ഇതെല്ലാം കയർ സൊസൈറ്റികളെ കുറച്ചു ഭദ്രമാക്കാനും നന്നാക്കാനും വേണ്ടിയുള്ള നടപടിയാണെന്ന് പറഞ്ഞുകൊള്ളുന്നു.

(4) കലാമണ്ഡലത്തിലെ പഠിപ്പുമുടക്ക്

ശ്രീ. സി.കെ. ചക്രപാണി: സർ, കലാമണ്ഡലം വിദ്യാർത്ഥികളുടെ നീറുന്ന പ്രശ്നങ്ങളിലേക്ക് സഭയുടേയും വിശേഷിച്ച് മുഖ്യമന്ത്രിയുടേയും ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. കലാമണ്ഡലം ഇന്ന് അടച്ചിട്ടിരിക്കുകയാണ്. വിദ്യാർത്ഥികളും പഠിപ്പുമുടക്കി എന്നു പറഞ്ഞിട്ടാണ് അധികാരികളും ഇത് അടച്ചിട്ടിരിക്കുന്നത്. ഓണം കഴിഞ്ഞതിനുശേഷം തുറന്നിട്ടില്ല. വിദ്യാർത്ഥികളുടെ ആവശ്യം അവിടെ നൽകുന്ന ഗുരുകുല സർട്ടിഫിക്കറ്റുകൾക്ക് കലാസ്സിന്റെ വിലപോലും ഇല്ല, അതുകൊണ്ട് ഡിഗ്രിക്ക് സമമായിട്ടുള്ള സർട്ടിഫിക്കറ്റ് കൊടുക്കണമെന്നുള്ളതാണ്. കൂടാതെ കലാമണ്ഡലം യൂണിവേഴ്സിറ്റിയാക്കണമെന്നും അവർ ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട അങ്ങ് (സ്പീക്കർ) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ചെയർമാനായിരുന്ന അവസരത്തിൽ ശാന്തിനികേതൻ മോഡലിൽ കലാമണ്ഡലത്തെ കൺവർട്ട് ചെയ്യണമെന്നുള്ള ഒരു നിർദ്ദേശം വച്ചിട്ടുള്ളതും പ്രാവർത്തികമാക്കിയിട്ടില്ല. ഇവിടെനിന്ന് പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് ഇന്ന് തൊഴിലില്ല. ഈ പ്രശ്നം കഴിഞ്ഞ, പ്രാവശ്യവും ഞാൻ സഭയുടെ മുമ്പാകെ കൊണ്ടുവന്നതാണ്. കലാമണ്ഡലം ഇന്ന് അഴിമതിയുടെ കൂത്തരങ്ങാണ്. അതുകൊണ്ട് വിദ്യാർത്ഥികൾ ഇന്ന് അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും അവരുടെ പഠിപ്പുമുടക്ക് അവസാനിപ്പിക്കുന്നതിനുംവേണ്ടി ആവശ്യമായ നടപടികൾ കൈക്കൊള്ളണം. വിദ്യാർത്ഥികൾ പഠിപ്പുമുടക്കി എന്നുപറഞ്ഞ് ഒരു സ്ഥാപനം അടച്ചിടുന്നത് ഭൂഷണമാണോ? മുഖ്യമന്ത്രിയുടെ സത്വരശ്രദ്ധ ഈ പ്രശ്നത്തിലേക്ക് ഞാൻ ക്ഷണിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): കലാമണ്ഡലത്തിലെ സർട്ടിഫിക്കറ്റിന് വിലയില്ലെന്നു പറയുന്നതു ശരിയല്ല. സർട്ടിഫിക്കറ്റിനേക്കാൾ കലാമണ്ഡലത്തിലെ കലകൾക്ക് വിലയുണ്ട്. അതിനു വേണ്ടിയാണ് കലാമണ്ഡലം ആരംഭിച്ചിട്ടുള്ളത്. ഇത് ഒരു തൊഴിൽ കൊടുക്കാനുള്ള സ്ഥാപനമായിട്ടല്ല ആരംഭിച്ചത്. നമ്മുടെ പൂർവ്വികമായ കലകളെ പരിപോഷിപ്പിക്കുന്നതിനും കലാരംഗത്ത് വരുത്തേണ്ട ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും വേണ്ടിയാണ്. ഒരുപക്ഷേ നമ്മൾ ഉദ്ദേശിച്ച രീതിയിൽ വളർന്നിട്ടില്ലെന്നു വേണമെങ്കിൽ പറയാം. എങ്കിലും പരമ്പരാഗതമായ കല നിലനിറുത്തുന്നതിനും, കുറേയെല്ലാം പരിപോഷിപ്പിക്കുന്നതിനും നമുക്കു സാധിച്ചിട്ടുണ്ട്. അടുത്തകാലത്ത് ഇൻഡ്യയിൽ പ്രദർശിപ്പിച്ച പരിപാടിയിൽ കലാമണ്ഡലം പങ്കെടുക്കുകയുണ്ടായി. അവർ സമരം നടത്താനുണ്ടായ കാരണങ്ങളിൽ പറയുന്നത് വിദ്യാർത്ഥികളെ ആട്ടുപ്പിൽ പെടുത്തിയില്ലെന്നാണ്. മറ്റൊന്ന് ഇവരുടെ സർട്ടിഫിക്കറ്റിന്റെ കാര്യമാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

കലാമണ്ഡലത്തിലെ സർട്ടിഫിക്കറിന് ഏതു തരത്തിലുള്ള വിലയാണ് നൽകേണ്ടതെന്നുള്ളതിനെക്കുറിച്ച് തീർച്ചയായും പരിശോധിക്കാം. പക്ഷേ ആ സർട്ടിഫിക്കറ്റുകൊണ്ട് അവർ ഉദ്ദേശിക്കുന്നത് തൊഴിൽ. ഉണ്ടാകണമെന്നാണ്. അത് ഉണ്ടാകുന്നില്ലെന്നുള്ളതാണ് പറയുന്നത്. തൊഴിൽ കൊടുക്കാൻ സാധിക്കുന്ന കാര്യത്തെക്കുറിച്ച് അവരുമായി ഞാൻതന്നെ സംസാരിച്ചു. ഇവിടെ വിദ്യാഭ്യാസ വകുപ്പിൽ കഥകളിയുടെ മുദ്രകൾ ആളുകൾക്ക് മനസ്സിലാക്കി അതിനെ / ജനകീയ കല എന്ന നിലയിൽ അനുഭവപ്പെടുത്താൻ സാധിക്കുമോ എന്നു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പണിമുടക്കിന്റെ കാരണങ്ങളിൽ ഒന്ന് പരീക്ഷ എഴുതില്ല എന്നുള്ളതാണ്. സർട്ടിഫിക്കറിന് വിലയില്ലാത്തതുകൊണ്ട് പരീക്ഷ എഴുതുകയില്ല എന്ന ഒരു നിലപാട് സ്വീകരിക്കാൻ പാടില്ല. കലാമണ്ഡലംപോലെയുള്ള ഒരു സ്ഥാപനം വളരെ അച്ചടക്കത്തോടുകൂടി സമാധാനപരമായ അന്തരീക്ഷത്തിൽ കല അഭ്യസിക്കേണ്ട ഒന്നാണ്. അവിടെ ഞങ്ങൾ പരീക്ഷ എഴുതുകയില്ല എന്നു പറയുന്നത് അംഗീകരിക്കുവാൻ പ്രയാസമാണ്. എങ്കിലും സമാധാനപരമായ ഒരു അന്തരീക്ഷം ഉണ്ടാകുന്നതിനു വേണ്ടി വിദ്യാർത്ഥികളെ ഉപദേശിക്കണമെന്നു രക്ഷിതാക്കൻമാരെ അറിയിക്കുകയും കഴിഞ്ഞ പത്താം തീയതി മുതൽ ക്ലാസ് ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തു. ആ ദിവസം പഠിക്കുന്നതിനു പകരം പിന്നേയും അവർ ബഹളം ഉണ്ടാക്കി. രക്ഷിതാക്കൻമാരെ കൂടി വിളിച്ചുവരുത്തി പരിഹാരമുണ്ടാക്കാൻവേണ്ടി അവിടത്തെ ചെയർമാനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. കലാമണ്ഡലത്തിന്റെ പരിപാവനമായ അന്തരീക്ഷം, മഹാകവി വള്ളത്തോൾ വളരെയധികം ത്യാഗപൂർണ്ണമായി പടുത്തുയർത്തിയ ആ സ്ഥാപനം നശിപ്പിക്കാതിരിക്കുന്നതിനുമാത്രമല്ല അതിനെ പരിരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ ഗവൺമെൻറ് സ്വീകരിക്കും.

(5) ഏലക്കായ് തമിഴ് നാട്ടിലേക്കു കടത്തിക്കൊണ്ടു പോകുന്നതു മൂലം സംസ്ഥാനത്തിനുണ്ടാകാവുന്ന നികുതി നഷ്ടം

ശ്രീ. കെ.കെ. തോമസ്: നമ്മുടെ സംസ്ഥാനത്ത് ഇടുക്കി ജില്ലയിൽ മൊത്തം ഉൽപ്പാദിപ്പിക്കപ്പെടുന്ന ഏലക്കായുടെ എഴുപത്തഞ്ചു ശതമാനം തമിഴ്നാട്ടിലേക്ക് കള്ളക്കടത്തായി പോകുകയാണ്. ഇതുമൂലം കുമളി, വണ്ടൻമേട്, കട്ടപ്പന, നെടുങ്കണ്ടം, ശാന്തമ്പാറ തുടങ്ങിയ കമ്പോളങ്ങളിൽ ഏലക്കാ വ്യാപാരം പൂർണ്ണമായി സ്തംഭിച്ചിരിക്കുകയാണ്. അതുമൂലം ഗവൺമെൻറിന് വൻതോതിൽ നികുതി ലഭിക്കാതെവരുന്നു. അതിന്റെ കാരണം തമിഴ് നാട്ടിലേയും കേരളത്തിലേയും ഏലക്കായുടെ നികുതി തമ്മിൽ ഉള്ള വ്യത്യാസമാണ്. മോട്ടോർ സ്പെയർ പാർട്ടിന് ചേയിസ്സസിന് ഒക്കെ പോണ്ടിച്ചേരി തുടങ്ങിയ സംസ്ഥാനങ്ങളുമായി നികുതി ഏകീകരിച്ചതുപോലെ ഏലത്തിന് തമിഴ്നാട്ടിലേയും കേരളത്തിലേയും നികുതി ഏകീകരിക്കുന്നതിനുള്ള നടപടി ഗവൺമെൻറ് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പം ചെറുകിട കർഷകർ, ഒരേക്കറും ഒന്നരയേക്കറും ഏലക്കൃഷിയുള്ള പതിനായിരക്കണക്കിനു കൃഷിക്കാരുണ്ട്. അവർക്ക് സ്വതന്ത്രമായി കമ്പോളങ്ങളിൽ ഇറങ്ങാൻ പാടില്ലെന്ന സ്ഥിതിയുണ്ട്. സെൻട്രൽസ് ടാക്സ് ഉദ്യോഗസ്ഥൻമാരും, എക്സൈസ് ഉദ്യോഗസ്ഥൻമാരും, അതുപോലെതന്നെ പോലീസുകാരും അവരെ നിരന്തരമായി പീഡിപ്പിച്ചുകൊണ്ടിരിക്കുന്നതിന്റെ ഫലമായി

LIBRARY ARCHIVES Kerala Legislative Assembly